**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2480** **12-02-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലാ പഞ്ചായത്ത് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലാ പഞ്ചായത്ത് സുവർണ ജൂബിലിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതി 2019-20 പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ മൂത്തോടം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഉച്ചക്കുളം പുനരുദ്ധാരണ പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും നിർവ്വഹണ ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് കൈമാറിയ തുക എത്രയെന്നും അറിയിക്കാമോ; | (എ) | അടങ്കൽ തുക-1,47,00,000/- രൂപ<br><br>ആകെ ബിൽ തുക (GST ഉൾപ്പെടെ)-1,08,14,258/ രൂപ<br><br>1st & Part Bill Payment- 77,62,224/- രൂപ കരാറുകാരന് കൈമാറിയിട്ടുണ്ട്.<br><br>2nd & Final Bill തുക-30,52,034/- രൂപ WAMS ക്ലിയറൻസിന് അയച്ചിട്ടുണ്ട്. |
| (ബി) | മേൽ പദ്ധതിയുടെ പ്ലാൻ, എസ്റ്റിമേറ്റ്, ഫണ്ട് കൈമാറ്റം മുമ്പ് പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | റസീഫ്.എം (അസിസ്റ്റന്റ് എഞ്ചിനീയർ)<br><br>സേതുമാധവൻ.കെ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)<br><br>പി.മുഹമ്മദാലി (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) |
| (സി) | സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സംഘടനയ്ക്ക് സർക്കാർ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവുകളുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ഉണ്ട്.<br><br>16.02.2022 ലെ സ.ഉ(സാധാ) നം.342/2022/ തസ്വഭവ , 16/8/2022ലെ സ.ഉ(സാധാ) നം.1983/2022/തസ്വഭവ തീയതി നമ്പർ ഉത്തരവിന്റെ പകർപ്പുകൾ ബന്ധം 1, 2 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | മലപ്പുറം ജില്ലാ പഞ്ചായത്ത് ഓഫീസിനു കീഴിൽ 2020 ജനുവരി 1 മുതൽ 2024 ജനുവരി 31 വരെ നിയമനം നൽകിയ താത്കാലിക ജീവനക്കാരുടെ പേര്, വിലാസം, തസ്തിക, ഓരോരുത്തരുടെയും ദിവസ/ പ്രതിമാസ വേതനം, ഓരോരുത്തരും എന്ന് മുതൽ ജോലിയിൽ പ്രവേശിച്ച എന്നീ വിവരങ്ങൾ അറിയിക്കുമോ; | (ഡി) | അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | മലപ്പുറം ജില്ലാ പഞ്ചായത്ത് 2019-20 മുതൽ ഓരോ സാമ്പത്തിക വർഷത്തിലും തങ്ങളുടെ പബ്ലിക് | (ഇ) | ഇല്ല. |

| | | | |
|---|---|---|---|
| | റിലേഷൻ വർക്കുകളുടെ പ്രവർത്തനച്ചുമതല ഏതെങ്കിലും ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഏജൻസികളുടെ പേര്, ഉടമകളുടെ പേരും വിലാസവും ഏജൻസികളുമായി ഓരോ വർഷവും ജില്ലാ പഞ്ചായത്ത് ഒപ്പുവെച്ച കരാറുകളുടെ പകർപ്പുകൾ, ഓരോ വർഷവും കൈമാറിയ തുകകൾ, നടപ്പാക്കിയ പ്രധാന പബ്ലിക് റിലേഷൻ വർക്കുകൾ എന്നീ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ- അക്രഡിറ്റഡ് ഏജൻസി -അക്രഡിറ്റേഷൻ കാലാവധിക്ക് ശേഷം ഏറ്റെടുത്ത പ്രവർത്തികൾ- അംഗീകാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.342/2022/LSGD തീയതി,തിരുവനന്തപുരം, 16-02-2022

പരാമർശം:-

1. 16/07/2001- ലെ സ.ഉ(ആർടി)2334/2001/തസ്വഭവ
2. 30/03/2013-ലെ സ.ഉ. (എം.എസ്) നം. 133/2013/തസ്വഭവ.
3 29/05/2015- ലെ സ.ഉ. (സാധാ) നം. 1604/2015/തസ്വഭവ.
4 22/01/2016 ലെ ശുചിത്വ മിഷന്റെ നം. 2117/സി2/2015/എസ് എം നമ്പർ കത്ത്
5 24/02/2016 ലെ സ.ഉ. (സാധാ) നം. 760/2016/തസ്വഭവ.
6. സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 18.11.2019 ലെ SEUF/TVM/ED/19/016 നമ്പർ കത്ത്.
7 16/02/2021 ലെ ഡിഎ1/66/2016-തസ്വഭവ നമ്പർ സർക്കാർ കത്ത്.
8 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.10.2021 ലെ 2117/സി2/2015/എസ്.എം. നമ്പർ കത്ത്.
9. സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.8.2021, 29.10.2021, 04.01.2022 തീയതികളിലെ കത്തുകൾ.
10 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ 25.1.2022- ലെ 2022/164/എച്ച്. ക്യു നം കത്ത്.

**ഉത്തരവ്**

മേൽ പരാമർശം(1) പ്രകാരം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് (SEUF) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതികൾ നടപ്പാക്കുന്നതിന് അക്രഡിറ്റേഷനും, പരാമർശം(3) പ്രകാരം താൽകാലിക അക്രഡിറ്റേഷനും നൽകുകയുണ്ടായി.

2. മേൽ പരാമർശം(4) ൽ ശുചിത്വ മിഷൻ നൽകിയ ശുപാർശയുടെ

അടിസ്ഥാനത്തിൽ താൽകാലിക അക്രഡിറ്റേഷൻ ഒഴിവാക്കി SEUF എന്ന ഏജൻസിക്ക് സ്ഥിരമായ അക്രഡിറ്റേഷൻ നൽകി പരാമർശം(5) പ്രകാരം ഉത്തരവായി.

3. പരാമർശം(6) പ്രകാരം അക്രഡിറ്റേഷൻ പുതുക്കുന്നതിന് പുതുക്കിയ അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോയെന്ന് അറിയിക്കണമെന്ന് സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ അപേക്ഷിച്ചിരുന്നു. അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പരാമർശം (2) പ്രകാരമുള്ള മാർഗരേഖ ഖണ്ഡിക 7 (iii) ബി പ്രകാരം, ഒരിക്കൽ അക്രഡിറ്റേഷൻ നൽകിയാൽ അതിന്റെ പരമാവധി പ്രാബല്യം 3 വർഷം ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

4.പരാമർശം(5) സർക്കാർ ഉത്തരവ് പ്രകാരം ഏജൻസിക്ക് നൽകിയ അക്രഡിറ്റേഷന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞുവെന്നും അക്രഡിറ്റേഷൻ പുതുക്കുന്നതിന് പുതുതായി അപേക്ഷ സമർപ്പിക്കാനും പരാമർശം (7) പ്രകാരം സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന ഏജൻസിയോട് ആവശ്യപ്പെട്ടിരുന്നു. പരാമർശം (9) പ്രകാരം 11.8.2021-ന് അക്രഡിറ്റേഷൻ പുതുക്കുന്നതിന് പ്രസ്തുത സ്ഥാപനം അപേക്ഷ സമർപ്പിച്ചതിൽ പരാമർശം (10) പ്രകാരം കില റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

5.സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് അനുവദിച്ച അക്രഡിറ്റേഷന്റെ കാലാവധി ,മാർഗ്ഗരേഖ പ്രകാരം അവസാനിച്ചതിനാൽ, ടി ഏജൻസിക്ക് 24-02-2016 മുതൽ മൂന്ന് വർഷം അവസാനിച്ചതിനുശേഷം അക്രഡിറ്റഡ് ഏജൻസി എന്ന പേരിൽ കരാറിലേർപ്പെട്ടതും, നിർമ്മാണം പൂർത്തിയാക്കിയതും, നിലവിൽ നിർമ്മാണത്തിലുള്ളതുമായ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ പരിഗണിക്കുവാൻ കഴിയുമോയെന്നും പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി നിർവ്വഹണ തുക പ്രസ്തുത ഏജൻസിക്ക് കൈമാറാവുന്നതാണോ എന്നും സ്പഷ്ടീകരണം നൽകണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

6. പരാമർശം (5) ഉത്തരവ് പ്രകാരം ഏജൻസിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുദ്ധജല പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് സ്ഥിരമായ അക്രഡിറ്റേഷൻ അനുവദിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഏജൻസിക്ക് നിലവിൽ അക്രെഡിറ്റേഷൻ ഇല്ലെന്ന സ്പഷ്ടീകരണം നൽകിയതോടെ, ഏജൻസിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് ഡി.പി.സി. അംഗീകാരം ലഭിച്ച് കരാർ വെച്ച് നടപ്പിലാക്കി വന്നിരുന്ന നിരവധി പദ്ധതികൾ തുടരാൻ കഴിയാത്ത സാഹചര്യമാണെന്നും മുൻ കാലങ്ങളിൽ പൂർത്തിയാക്കിയ പ്രവർത്തികളുടെ തുക തദ്ദേശ സ്ഥാപനങ്ങൾ കൈമാറുന്നില്ലെന്നും നടപ്പിലാക്കി വരുന്ന പദ്ധതികൾ അതുവരെ ചെലവഴിച്ച ഇനത്തിൽ അനുവദിക്കേണ്ട തുക അനുവദിക്കാതെ പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നുവെന്നും ഏജൻസിയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചു തയ്യാറാക്കിയ പദ്ധതികൾ കരാർ വെയ്ക്കാൻ സാധിക്കുന്നില്ലായെന്നും ഇതുമൂലം ഏജൻസി കടുത്ത പ്രതിസന്ധിയിലാണെന്നും ഇത് പരിഹരിക്കുന്നതിനായി, അക്രഡിറ്റേഷൻ പുതുക്കുന്നത് സംബന്ധിച്ച ഏജൻസിയുടെ അപേക്ഷയിന്മേൽ തീരുമാനമാകുന്നത് വരെ താത്ക്കാലിക അക്രഡിറ്റേഷൻ അനുവദിക്കണമെന്നും സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (9) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാർഗ്ഗരേഖ പ്രകാരമുള്ള കാലപരിധിയ്ക്ക് ശേഷമുള്ള കാലയളവിൽ, എന്നാൽ അക്രഡിറ്റേഷൻ ഉണ്ടെന്നുള്ള വിശ്വാസത്തിൽ, സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളതും നിർവ്വഹണം നടത്തി വരുന്നതുമായ പ്രവൃത്തികൾക്ക് അംഗീകാരമില്ലാത്ത അവസ്ഥാവിശേഷം സംജാതമാകുന്നുണ്ട്. ഇത് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും നിരവധി പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളതും / നിർവ്വഹണം നടത്തി വരുന്നത് എന്ന് അവകാശപ്പെടുന്ന ടി ഏജൻസിയെയും വിപരീതമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു : -

(i) പരാമർശം(5) സർക്കാർ ഉത്തരവിന്റെ പ്രാബല്യം അവസാനിച്ചു ;

(ii) പരാമർശം(5) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതു വരെയുള്ള (ഈ ഉത്തരവ് തീയതി വരെ) കാലയളവിൽ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷന് അക്രെഡിറ്റേഷൻ ഉണ്ട് എന്നുള്ള ഉത്തമവിശ്വാസത്തിൽ, ഏറ്റെടുത്ത് നടത്തിയ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും അപ്രകാരം പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്കു SEUF ന്റെ സേവനങ്ങൾ ഉപയോഗപെടുത്തിയതിനും അംഗീകാരം നൽകിക്കൊണ്ടു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം - 695010 .
പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമ വികസന കമ്മീഷണർ.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ.
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും .
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം .
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ ജനറൽ, കില.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് .

കരുതൽ ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തികൾ ഏറ്റെടുത്ത് നിർവഹിക്കുന്നതിന് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്നീ ഏജൻസികളുടെ അക്രഡിറ്റേഷൻ പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1983/2022/LSGD    തീയതി,തിരുവനന്തപുരം, 16-08-2022

---

പരാമർശം:-

1. സ.ഉ.(എം.എസ്.) നം.133/2013/തസ്വഭവ; തീയതി 30.03.2013
2. സ.ഉ. (സാധാ) നം. 2303/2015/തസ്വഭവ; തീയതി 27.07.2015
3. സ.ഉ. (സാധാ) നം. 760/2016/തസ്വഭവ; തീയതി 24.02.2016
4. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.08.2021 ലെ SEUF/TVMIED/21/014 നമ്പർ കത്ത്
5. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ഡയറക്ടറുടെ 03.12.2021 ലെ IRTC/100/LSGD/576/2021 നമ്പർ കത്ത്
6. സ.ഉ.(സാധാ) നം.2585/2021/തസ്വഭവ; തീയതി 16.12.2021
7. സ.ഉ.(സാധാ) നം.342/2022/തസ്വഭവ; തീയതി 16.02.2022
8. കില ഡയറക്ടർ ജനറലിന്റെ 05.03.2022 ലെ 2021/164/HQ നമ്പർ റിപ്പോർട്ട്
9. കില ഡയറക്ടർ ജനറലിന്റെ 14.07.2022 ലെ 2021/291/HQ നമ്പർ റിപ്പോർട്ട്
10. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 30.07.2022 ന് ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പ്

**<u>ഉത്തരവ്</u>**

അക്രഡിറ്റഡ് ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച തദ്ദേശ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം, വൈദ്യുത ലൈൻ ഭൂപട നിർമ്മാണം, നീർത്തട വികസനം, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവ്വഹണം എന്നീ മേഖലയിൽ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനത്തിന് പരാമർശം (2) ഉത്തരവ് പ്രകാരം അക്രഡിറ്റേഷന്റെ പുതുക്കി നൽകിയിരുന്നു. ആയതിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന്, അക്രെഡിറ്റേഷൻ പുതുക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാകുന്നത്

വരെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള അക്രഡിറ്റേഷന്റെ കാലാവധി പരാമർശം (6) പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. നിലവിലുള്ള അക്രഡിറ്റേഷൻ പുതുക്കി നൽകണമെന്നും അതോടൊപ്പം മാലിന്യസംസ്കരണ മേഖലയിൽ ദ്രവമാലിന്യ സംസ്കരണ, വിസർജ്യമാലിന്യ സംസ്കരണ മേഖലകളിലും അക്രഡിറ്റേഷൻ അനുവദിക്കണമെന്നും ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കുടിവെള്ള - ശുചിത്വ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന ഏജൻസിയ്ക്ക് പരാമർശം (3) പ്രകാരം അക്രഡിറ്റേഷൻ അനുവദിച്ചിട്ടുണ്ട്. സ്ഥാപനം മേൽ ഉത്തരവ് പ്രകാരമുള്ള അക്രഡിറ്റേഷന്റെ 3 വർഷ കാലയളവ് പൂർത്തീകരിച്ചതിന് ശേഷം, അക്രഡിറ്റേഷൻ ഉണ്ട് എന്നുള്ള ഉത്തമവിശ്വാസത്തിൽ, ഏറ്റെടുത്ത പ്രവൃത്തികൾക്ക് പരാമർശം (7) പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. അക്രഡിറ്റേഷൻ പുതുക്കി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

4. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്നീ ഏജൻസികളുടെ അപേക്ഷ, പരാമർശം (8), (9) പ്രകാരം കിലയിൽ നിന്നുമുള്ള വിഷയവിദഗ്ധരുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റേഷൻ കമ്മിറ്റി പരിശോധിക്കുകയും മേൽ ഏജൻസികളുടെ അക്രഡിറ്റേഷൻ പുതുക്കി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്നീ ഏജൻസികൾക്ക് ചുവടെ ചേർത്തിട്ടുള്ള മേഖലകളിൽ, പരാമർശം ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഉത്തരവ് തീയതി മുതൽ 3 വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു. ഏജൻസികൾ ശേഷിക്ക് അധികരിച്ച് പ്രവർത്തികൾ ഏറ്റെടുക്കാൻ പാടുള്ളതല്ല.

| | |
|---|---|
| ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) | • പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം, വൈദ്യുത ലൈൻ ഭൂപട നിർമ്മാണം, നീർത്തട വികസനം, മഴവെള്ള സംഭരണം, ഖരമാലിന്യ സംസ്കരണം - വിസർജ്യ മാലിന്യ സംസ്കരണം (Faecal Sludge Management) എന്നീ മേഖകളിലെ പ്രോജക്ടുകളുടെ നിർവ്വഹണം, മലിന ജലം ട്രീറ്റ് ചെയ്യുന്ന പ്ലാന്റുകൾ സ്ഥാപിക്കലും പരിപാലിക്കലും എന്ന മേഖലയിലും അക്രഡിറ്റേഷൻ അനുവദിക്കുന്നു. |
| സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (SEUF) | • കുടിവെള്ള - ശുചിത്വ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അക്രഡിറ്റേഷൻ അനുവദിക്കുന്നു. <br>• എന്നാൽ ഈ അക്രഡിറ്റേഷൻ, സിവിൽ വർക്കുകൾ ഏറ്റെടുക്കുന്നതിന് ബാധകമല്ല. സിവിൽ വർക്കുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അക്രഡിറ്റേഷന് വേണ്ടി ഏജൻസി ധനകാര്യ വകുപ്പിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC), മുണ്ടൂർ, പാലക്കാട് - 678592
എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ
(SEUF), JAKRA 43, വി.ജെ.ലെയ്ൻ, വെള്ളയമ്പലം - 695010
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ.
നഗരകാര്യ ഡയറക്ടർ.
ഗ്രാമവികസന കമ്മീഷണർ.
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ക്ലീൻ കേരള കമ്പനി
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

അനുബന്ധം 2

| ക്രമ നം. | പേര് വിലാസം | തസ്തിക | ദിവസ/ പ്രതിമാസ വേതനം | ജോലിയിൽ പ്രവേശിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | ശിഹാബ് കളക്കണ്ടത്തിൽ ചെമ്മലശ്ശേരി പോസ്റ്റ് പുലാമന്തോൾ, മലപ്പുറം | ഡ്രൈവർ | 715/day<br>730/day w.e.f 01/02/2021 | 30/12/2020 | 30/05/2021 വരെ |
| 2. | സബീർ അലി.കെ.എ<br>കൊരമ്പയിൽ ഹൗസ്, കുറ്റിക്കാട്<br>മുത്തേടം പോസ്റ്റ്<br>മലപ്പുറം 679331 | ഡ്രൈവർ | 715/day<br>730/day w.e.f 01/02/2021 | 30/12/2020 | 27/10/2021 വരെ |
| 3. | ഹാരിസ് കരുവാൻകുഴി<br>ചെമ്മലശ്ശേരി പോസ്റ്റ് പുലാമന്തോൾ,<br>മലപ്പുറം 679323 | ഓഫീസ് അറ്റന്റന്റ് | 660/day<br>675/day w.e.f 01/02/2021 | 15/01/2021 | 27/02/2021 വരെ |
| 4. | മുഹമ്മദ് റാഷിദ്.ഇ<br>എരഞ്ഞിക്കത്ത് ഹൗസ്<br>വെങ്ങാട് പോസ്റ്റ്<br>മൂർക്കനാട് വഴി<br>മലപ്പുറം | ഡ്രൈവർ | 730/day | 01/07/2021 | |
| 5. | അയ്യൂബ്.വി<br>വേങ്ങശ്ശേരി ഹൗസ്<br>വെള്ളില പോസ്റ്റ്<br>മങ്കട വഴി<br>മലപ്പുറം 679374 | ഓഫീസ് അറ്റന്റന്റ് | 675/day | 24/08/2021 | |
| 6. | മുഹമ്മദ് റാഷിദ്.കെ.എ<br>കറുത്തേടത്ത് ഹൗസ് | ഡ്രൈവർ | 730/day | 01/11/2021 | |

| | | | | | |
|---|---|---|---|---|---|
| | എണ്ണക്കരക്കള്ളി<br>മുത്തേടം പോസ്റ്റ്<br>മലപ്പുറം 679331 | | | | |
| 7. | ഹംന ഷെറിൻ<br>W/o, ഷിബിൽ<br>മക്കരപ്പറമ്പ്<br>മലപ്പുറം | ടൈപ്പിസ്റ്റ് | 755/day | 10/01/2022 | 27/01/2022 വരെ |
| 8. | അമൃത.ആർ.പി<br>D/o, ഉണ്ണികൃഷ്ണൻ<br>പാങ്ങ് പോസ്റ്റ്<br>കൊളത്തൂർ വഴി,<br>മലപ്പുറം | പ്രൊജക്ട് അസിസ്റ്റന്റ് (GO(Rt) No.1846/2021/LSGD) | 22,290/- | 10/01/2022 | 31/10/2023 വരെ |
| 9. | നിയാസ്.കെ<br>S/o, അലി<br>കണ്ണച്ചമ്പാട്ട് ഹൗസ്<br>കനമനം പോസ്റ്റ്<br>പാറക്കൽ, മലപ്പുറം | പ്രൊജക്ട് അസിസ്റ്റന്റ് (GO(Rt) No.1846/2021/LSGD) | 22,290/- | 01/11/2023 | |
| 10. | നസ്ല ഷിറിൻ.എൻ.കെ<br>പൊന്നേത്ത് ഹൗസ്<br>താണിക്കൽ<br>കോഡൂർ പോസ്റ്റ്<br>മലപ്പുറം 676504 | ഓഫീസ് അറ്റന്റന്റ് (ISO പ്രവർത്തനങ്ങൾ) | 675/day | 18/12/2023 | 08/02/2024 വരെ |